ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

192 (2401) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ 2012-13 മുതൽ 2014-15 വരെ പട്ടികജാതിക്കാർക്ക് നൽകിയ തുകയെത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോവർഷവും നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തിയാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വിവരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് 2012-13 മുതൽ 2014-15 വരെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ 8595.40 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സാമ്പത്തിക വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)
2012-13	4155.49
2013-14	3070.97
2014-15	1368.94

(ബി) പ്രസ്തുത തുക ഉപയോഗിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ 77 -ഉം 2013-14 ൽ 8- ഉം 2014-15 ൽ 45 -ഉം കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(സി & ഡി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly